2006 ഒക്ടോബർ 20 ന്

ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക്,

ദേശീയ വിജ്ഞാന കമ്മീഷനുമായുള്ള അങ്ങയുടെ കൂടിക്കാഴ്ചകളിൽ അറിവുള്ള സമൂഹത്തിന്റെ അടിത്തറയായ എല്ലാം ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ പ്രാധാന്യത്തെപ്പറ്റി അങ്ങ് എല്ലായ്പ്പോഴും ഊന്നിപ്പറയുകയുണ്ടായി. ഭാഷയുടെ പ്രാധാന്യം ബോധനത്തിനുള്ള ഒരു മാധ്യമം അഥവാ ആശയവിനിമയത്തിനുള്ള ഒരു ഉപാധി എന്നതിലുപരി അറിവ് നേടുന്നതിനുള്ള നിർണ്ണായകഘടകം എന്ന പ്രതിഫലനത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. ഉന്നത വിദ്യാഭ്യാസം നേടിയെടുക്കുന്നതിനും തൊഴിൽസാധ്യതയിലും സാമൂഹിക അവസരങ്ങളിലും നിർണ്ണായകഘടകമായ ഇംഗ്ലീഷ് ഭാഷയിലെ ആധിപത്യം സ്ഥാപിക്കാം എന്ന അനുമാനത്തിൽ നാം എത്തിച്ചേർന്നു. സ്ക്കൂൾ വിദ്യാഭ്യാസരംഗത്ത് ഇംഗ്ലീഷ് ഭാഷയിൽ ആവശ്യമായ പരിശീലനം ലഭിക്കാത്ത കുട്ടികൾ ഉന്നത വിദ്യാഭ്യാസരംഗത്ത് വികലാംഗരെ പോലെയാണ്. ഇംഗ്ലീഷിൽ പഠിപ്പിക്കുന്നില്ല എങ്കിൽപ്പോലും ഒട്ടുമിക്ക വിഷയങ്ങളിലും ബുക്കുകളും ജേർണലുകളും ഇംഗ്ലീഷിൽ മാത്രമേ ലഭിക്കുന്നുള്ളു. നന്നായി ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്തവർക്ക് പ്രാഥമികവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലും പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഈ പോരായ്മ ലോകത്തിലെ തൊഴിൽപരമായ എല്ലാമേഖലകളിലും പ്രൊഫഷണൽ ഉദ്യോഗങ്ങളിൽ മാത്രമല്ല വെള്ളക്കോളർ ഉദ്യോഗങ്ങളിൽ പോലും പ്രകടമായി തെളിഞ്ഞ് കാണപ്പെടുന്നു.

ഉന്നതജീവിത നിലവാരത്തിനുവേണ്ടിയുള്ള അവസരങ്ങൾക്ക് ഇംഗ്ലീഷ് ഭാഷ ഒരു നിർണ്ണായക ഘടകമാണെന്ന് തിരിച്ചറിഞ്ഞവർക്ക് ഈ യാഥാർത്ഥ്യം ഒരു നഷ്ടമല്ല. നിലവിൽ ലഭിച്ച വിവരങ്ങൾ സൂചിപ്പിക്കുന്നത് മദ്ധ്യവരുമാനക്കാരും താഴ്ന്ന വരുമാനക്കാരും തങ്ങളുടെ വരുമാനത്തിന്റെ നല്ലൊരു പങ്ക് മക്കളെ ഇംഗ്ലീഷ് മാധ്യമസ്ക്കൂളിൽ അയച്ചു പഠിപ്പിക്കുന്നതിന് വിനിയോഗിക്കുന്നു. ഇത്തരത്തിലുള്ള കുട്ടികൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ അവസരങ്ങൾ കുടുംബത്തിന്റെ ആരോഗ്യസംരക്ഷണത്തിൽ നിന്നും വേറിട്ടുനിറുത്തുന്നു. എന്നാൽ കൂടുതൽ ആൾക്കാരും ഇങ്ങനെയുള്ള അവസരങ്ങൾക്കുള്ള നിവൃത്തി ഇല്ലാത്തവരാണ്. ഇതിന്റെ അനന്തരഫലം പുറംതള്ളപ്പെടലാണ്. പൊതുജന സംരംഭത്തിലൂടെ ഉൾപ്പെടുത്തൽ അഥവാ ഉൾക്കൊള്ളിക്കൽ സാധ്യമാണെന്ന് വിശ്വസിക്കുന്നു.

ഈയവസ്ഥയ്ക്ക് ഒരു വിരോധാഭാസമുണ്ട്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇംഗ്ലീഷ് ഭാഷ ഭാഗമായിട്ട് ഒരു നൂറ്റാണ്ടിലേറയായി എന്നിട്ടും ഇംഗ്ലീഷ് നമ്മുടെ ചെറുപ്പക്കാർക്ക് എത്തിപ്പിടിക്കാവുന്നതിൽ അപ്പുറമാണ്. ഇപ്പോഴും ഒരു ശതമാനം ആൾക്കാർ മാത്രമേ ഒന്നാം ഭാഷയായി കരുതുന്നുള്ളു ബാക്കിയുള്ളവർ ഇംഗ്ലീഷിനെ രണ്ടാം ഭാഷയായിട്ടാണ് കരുതുന്നത്.

ഒറ്റ രാത്രികൊണ്ട് ഈ യാഥാർത്ഥ്യം മാറ്റാൻ പറ്റില്ല. എന്നാൽ സ്ക്കൂളുകളിൽ ഇംഗ്ലീഷ് മാധ്യമമാക്കി നമ്മുടെ ജനങ്ങളെ സാധാരണ ജനങ്ങളെ പഠിപ്പിക്കേണ്ട സമയം ആഗതമായിരിക്കുന്നുവെന്ന് ദേശിയ വിജ്ഞാന കമ്മീഷൻ വിശ്വസിക്കുന്നു. പന്ത്രണ്ട് വർഷംകൊണ്ട് നമ്മുടെ സ്ക്കൂൾ ലീവേഴ്സിനെ ഉന്നതവിദ്യാഭ്യാസരംഗത്ത് ഏതാണ്ട് തുല്യ പ്രാധാന്യം നേടാൻ സഹായിക്കുകയും അതുകഴിഞ്ഞ് മൂന്ന് തൊട്ട് അഞ്ച് വർഷത്തിനുള്ളിൽ തൊഴിൽ മേഖലയിൽ ഏതാണ്ട് തുല്ല്യമായ സ്ഥാനം നേടിയെടുക്കാൻ കഴിയും

സർക്കാർ മേഖലയിലുള്ളവരും വിദ്യാഭ്യാസ രംഗത്തും മാധ്യമരംഗത്തും വ്യാവസായിക രംഗത്തും പ്രവർത്തിക്കുന്ന ഒട്ടനേകം ആൾക്കാരുമായി ഈ വിഷയത്തെക്കുറിച്ച് അനൌപചാരിക കൂടിക്കാഴ്ചകൾ നടത്തിക്കഴിഞ്ഞു. ചില സംസ്ഥാന മുഖ്യമന്ത്രിമാരുമായും പാർലമെന്റ് അംഗങ്ങളുമായും നിയമ വൈദ്യ രംഗത്ത് പ്രവർത്തിക്കുന്നവരുമായും സാമൂഹിക സംഘടനകളുമായും കൂടിക്കാഴ്ചകൾ നടത്തിക്കഴിഞ്ഞു. ഇത് പ്രാവർത്തികമാക്കണം എന്നതിന് എല്ലാപേർക്കും ഏകാഭിപ്രായമായിരുന്നു.

ഇത് പ്രാവർത്തികമാക്കാനുള്ള നടപടിക്രമങ്ങ്ളുടെ ആദ്യപടിയായി, പ്രവർത്തക സംഘങ്ങളുമായി ഞങ്ങൾ വീണ്ടും കൂടിക്കാഴ്ച നടത്തി. ആ സംഘം സമർപ്പിച്ച റിപ്പോർട്ട് ഞങ്ങളുടെ ചർച്ചയുടെ ഇൻപുട്ട് ആയി ഉപയോഗിച്ചിരുന്നു.

ഒന്നാം ക്ലാസ്സ് മുതൽ തന്നെ ഇംഗ്ലീഷ് ഭാഷയെ മാതൃഭാഷയോടൊപ്പം തന്നെ പഠിപ്പിക്കണമെന്ന് ദേശീയ വിജ്ഞാന കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഭാഷാപഠനത്തിന്റെ ഈ ഘട്ടത്തിൽ വ്യാകരണത്തിനും നിയമങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകാതെ ഇരുഭാഷകളുമുപയോഗിച്ച് അർത്ഥവത്തായ പഠനാനുഭവങ്ങൾ കൂടിയ അളവിൽ ഉളവാക്കുന്നതിന് ഊന്നൽ നൽകണം.

ഒമ്പത് സംസ്ഥാനങ്ങളിലും (ആറെണ്ണം വടക്കുകിഴക്കുള്ളത്) മൂന്ന് കേന്ദ്രഭരണപ്രദേശങ്ങളിലും ഒന്നാം ക്ലാസ്സ് മുതൽ തന്നെ ഇംഗ്ലീഷ് നിർബന്ധിത വിഷയമാക്കിയിരിക്കുന്നതായി കണ്ടു. ഇതുകൂടാതെ പന്ത്രണ്ട് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണപ്രദേശങ്ങളിലും പുതുതായി പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിവിധ തലങ്ങളിൽ അഞ്ചാം ക്ലാസ്സുമുതൽ ഇംഗ്ലീഷ് നിർബന്ധിത വിഷയമാക്കിയിരിക്കുന്നു. നടപ്പിലാക്കുന്നത് പതുക്കെയാണെങ്കിലും ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപന വിശേഷത അത്ര നല്ലതല്ല. ഇതിനെ താങ്ങിനിറുത്തുന്ന പല ബോധനോപാധികളും അദ്ധ്യാപകരുടെ എണ്ണവും തൃപ്തികരവുമല്ല അനുയോജ്യവുമല്ല. രാജ്യാന്തരമായി ഒന്നാം ക്ലാസ്സുമുതൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചു തുടങ്ങുന്നതിന് അടിസ്ഥാനപരമായ ഒരു മാറ്റം ഞങ്ങൾ ശുപാർശ ചെയ്യുന്നു. മറ്റ് വിഷയങ്ങൾക്കൊപ്പം തന്നെ സ്ക്കൂൾ പാഠ്യപദ്ധതിയിൽ ഇംഗ്ലീഷും ഉൾപ്പെടുത്തണം.

ഭാഷാ പഠനം മാറ്റിനിറുത്താൻ കഴിയുന്നതല്ല അത് ഉൾക്കൊള്ളിച്ച് സമന്വയിപ്പിച്ചുള്ള പഠനമാണ് ആവശ്യമായിരിക്കുന്നത്. അതായത് സ്ക്കൂളുകളിൽ മൂന്നാം ക്ലാസ്സ് മുതൽ തന്നെ ഭാഷേയിതര അടിസ്ഥാന വിഷയങ്ങൾ ഇംഗ്ലീഷിൽ പഠിപ്പിക്കണം. ഇതിനുവേണ്ടിയുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കുന്നത് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ കഴിവിനനുസരിച്ചും പഠനോപകരണങ്ങളുടെ ലഭ്യതയേയും ആശ്രയിച്ചിരിക്കുന്നു. ഫലത്തിൽ ബഹുഭാഷാ സ്ക്കൂളുകൾ ഉടലെടുക്കുന്നു. ഇത് ഇംഗ്ലീഷ് മാധ്യമ സ്ക്കൂളുകളും പ്രാദേശിക ഭാഷാ മാധ്യമ സ്ക്കൂളുകളും തമ്മിലുള്ള അന്തരം കുറയ്ക്കുന്നു.

അധ്യാപനകല ഭാഷാ പഠനത്തിലും ഭാഷാപടിപ്പിക്കുന്നതിലും സാഹചര്യാധിഷ്ഠിതമായി യഥാർത്ഥ സാഹചര്യങ്ങളേയും ദൈനംദിന ജീവിതത്തേയും പ്രതിഫലിപ്പിക്കുന്നു. മുല്യനിർണയം ഭാഷാ നൈപുണ്യത്തിനനുസരിച്ചായിരിക്കണം അതല്ലാതെ കാണാതെ പഠിച്ച് നേടി പ്രത്യേക നേട്ടങ്ങൾക്കനുസരിച്ചാകരുത്. ഈയവസരത്തിൽ ഭാഷാദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിനും ഭാഷാനിപുണത പ്രമാണീകരിക്കുന്നതിനും വേണ്ടിയാണ് **NTS.**

ഒരു വലിയ കൂട്ടം ഇംഗ്ലീഷ് ഭാഷാദ്ധ്യാപകരെ ആവശ്യമായി വരുമ്പോൾ ഔപചാരിക അദ്ധ്യാപക പരിശീലനം ഇല്ലാതെ തന്നെ ഇംഗ്ലീഷിൽ നല്ല അവഗാഹവും ആശയവിനിമയശേഷിയും ഉള്ള ബിരുദധാരികളെ വേണം ഇംഗ്ലീഷ് അദ്ധ്യാപനത്തിന് പ്രവേശിപ്പിക്കേണ്ടത്. നേഷണൽ ടെസ്റ്റിങ് സർവ്വീസ് വികസിപ്പിച്ച് ഷോർട്ട് ടൈം ഓറിയന്റേഷൻ കൊടുത്ത് അനുയോജ്യമായ നടപടി ക്രമങ്ങളിലൂടെ വേണം അവരെ തിരഞ്ഞെടുക്കാൻ. അവധിക്കാല ട്രെയിനിംഗ് പദ്ധതികളിലൂടേയും ഇടക്കാല ചെറു പാഠ്യപദ്ധതികളിലൂടേയും രാജ്യത്തെ മൊത്തമായുള്ള 40 ലക്ഷത്തോളം പ്രൈമറി തല അദ്ധ്യാപകരുടെ ഇംഗ്ലീഷ് ഭാഷാ അഭികാമ്യം വർദ്ധിപ്പിക്കാനുള്ള പരിശീലനം നൽകണം. ഇപ്പോഴുള്ള മിക്ക അദ്ധ്യാപക പരിശീലന പരിപാടികളും അദ്ധ്യാപകരുടെ ആവശ്യകതയ്ക്ക് ആവശ്യമായ യഥാർത്ഥ വിലയിരുത്തലിൽ അടിസ്ഥാനമല്ല. ഇന്ന് നിലവിലുള്ള മുഴുവൻ അദ്ധ്യാപക പരിശീലന വ്യവസ്ഥയും പ്രീ-സർവ്വീസും ഇൻസർവ്വീസുമാണ്, ഭാഷാ കേന്ദ്രീകൃതമായ ഭാഷാദ്ധ്യാപന പരിശീലനം കരിക്കുലത്തിൽ പൂർണ്ണമായ വിലയിരുത്തലും അംഗീകാരവും ആവശ്യമാണ്.

രാജ്യത്ത് ഇംഗ്ലീഷ് ഭാഷാ പരിസ്ഥിതി അഡ്രസ് ചെയ്യുന്ന തരത്തിൽ വിവിധ ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കണം. നിലവാരം പുലർത്തുന്നതിനപ്പുറം ഓരോതലത്തിലുമുള്ള പുസ്തകത്തിന്റെ ഉള്ളടക്കം കൂടി നോക്കണം. ഒന്നാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ ഉന്നത അദ്ധ്യാപനപ്രബുദ്ധമായ ഇംഗ്ലീഷ് പുസ്തകങ്ങൾ വികസിപ്പിക്കുന്നതിനായി ഒരു എക്സ്പർട് ഗ്രൂപ്പ് ഉണ്ടായിരിക്കണം. ഇത് പെട്ടന്ന് നേടിയെടുക്കുന്നതിനായി ഓരോ സംസ്ഥാനത്തിനും ഓരോ മോഡലും സൗജന്യമായി വെബ്സൈറ്റും ഉണ്ടാക്കിയെടുക്കണം. സംസ്ഥാന വ്യാപകമായി പുസ്തക വികസനത്തിന്റെ നോഡൽ ഏജൻസിയായി സംസ്ഥാന വിദ്യാഭ്യാസ ഗവേഷക പരിശീലന കൗൺസിൽ (SCERT) തുടരുന്നുണ്ടെങ്കിലും പുസ്തകങ്ങളുടെ നിർമ്മാണം അകേന്ദ്രീകൃതമാക്കണം. എക്സർസൈസുകൾ കൂടുതൽ ഉൾപ്പെടുത്തി, പ്രാപ്തരായ പൊതു സമൂഹ സംഘടനകളിലെ വ്യക്തികളേയും പുസ്തക വികസനത്തിൽ ഉൾപ്പെടുത്തണം.

നേരായ ബോധനത്തിലൂടെ മാത്രമല്ല ഭാഷാപഠനം. പരിസ്ഥിതിയിൽ നിന്നുമുള്ള ഏകീകരണത്തിലൂടേയും ഭാഷാപഠനം സാധ്യമാക്കേണ്ടതുകൊണ്ട് എല്ലാ ക്ലാസ്സ് മുറികളും അനുയോജ്യമായ ആഡിയോ വിഷ്വലും പ്രിന്റ് സാമഗ്രഹികളും കൊണ്ട് സജ്ജമാക്കിയിരിക്കണം. എല്ലാ ക്ലാസ്സുകളിലും സമഗ്രമായ ഗ്രന്ഥശാലകളും വിവിധ വിഷയങ്ങളിൽ കുട്ടികളുടെ പ്രായത്തിനനുയോജ്യമായ ബുക്കുകൾ മാസികകൾ പത്രങ്ങൾ ആഡിയോ വിഷ്വൽ സാമഗ്രികൾ പോസ്റ്ററുകൾ തുടങ്ങിയവ ഉണ്ടായിരിക്കണം. ഔപചാരികവും അനൌപചാരികവുമായ ഭാഷാഠനത്തിനുവേണ്ടി ടിവി ചാനലുകളിൽ കൂടിയും ദ്വിഭാഷാ റേഡിയോയിൽ കൂടിയുമുള്ള ഭാഷാപഠന വ്യവസ്ഥകൾ ക്ലാസ്സ് മുറിക്ക് പുറത്തും ഉളവാക്കണം. ക്ലാസ്സ് മുറിക്ക് പുറത്ത് ഇംഗ്ലീഷ് പഠനത്തിന്റെ ആവശ്യകതയെ കുറിച്ച് ചർച്ച ചെയ്യാൻ നോളജ് ക്ലബ് തുടങ്ങണം. ഈ ആവശ്യങ്ങൾ സാധ്യമാക്കുന്നതിനായി ഇംഗ്ലീഷ് ഭാഷാ സമഗ്രം ലഭ്യമാക്കാൻ ധനപരമായ സഹായം ആവശ്യമാണ്.

ഈ ആവശ്യം നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിനേയും പങ്കാളിയാക്കണം. ദേശീയ വികസന കൌൺസിലിന്റെ അടുത്ത മീറ്റിംഗിൽ പ്രധാമന്ത്രി ഈ കാര്യത്തെ കുറിച്ച് മുഖ്യമന്ത്രിമാരുമായി ചർച്ച ചെയ്യണമെന്നാണ് അഭിപ്രായം അങ്ങനെ ക്ലാസ്സ് ഒന്നുമുതൽ ഒരു പ്രാദേശിക ഭാഷ കൂടാതെ ഇംഗ്ലീഷ് ഒരു ഭാഷയായി പഠിപ്പിക്കുന്നതിനുള്ള ദേശീയ ആസൂത്രണം തയ്യാറാക്കാം. 12 വർഷത്തെ പഠനത്തിനു ശേഷം കുറഞ്ഞത് 2 ഭാഷയിലെങ്കിലും എല്ലാകുട്ടികളും പ്രാവീണ്യം നേടുമെന്നു പ്രതീക്ഷിക്കാം.

നന്ദി, ഉപചാരപൂർവ്വം സാം പിട്രോഡ

സാം പിട്രോഡ

ചെയർമാൻ,

ദേശീയ വിജ്ഞാന കമ്മീഷൻ

സിസി- ശ്രീ. മൊണ്ടക് സിംഗ് അലുവാലിയ, ഡെപ്യൂട്ടി ചെയർമാൻ, പ്ലാനിംഗ് കമ്മീഷൻ